# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.201 | 16.08.2017- ൽ മറുപടിയ്ക്ക് |
| --- | --- |

## വ്യാപാരികൾ പിരിച്ചെടുക്കുന്ന ജി.എസ്.ടി തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>,, കെ. കൃഷ്ണൻകുട്ടി<br>,, എ. കെ. ശശീന്ദ്രൻ<br>,, കെ.ബി.ഗണേഷ് കുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ വ്യാപാരികൾ പിരിച്ചെടുക്കുന്ന ജി.എസ്.ടി തുക കൃത്യമായി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വീഴ്ചവരുത്തുന്നവർക്കെതിരെ പിഴചുമത്താനുള്ള അധികാരം കേന്ദ്ര സർക്കാരിനാണോ സംസ്ഥാന സർക്കാരിനാണോ എന്ന് വ്യക്തമാക്കാമോ? | പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവഹണ സമ്പ്രദായമാണ് ജി.എസ്.ടി. അതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ പിഴ ചുമത്താനുള്ള അധികാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനുമുണ്ട്. ജി.എസ്.ടി കൗൺസിലിൽ എടുത്ത തീരുമാനപ്രകാരം ഒന്നര കോടി വരെയുള്ള വിറ്റു വരവുകളെ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന, കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്തുകയും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കുകയും ചെയ്യും. കേന്ദ്രസർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ കേന്ദ്ര സർക്കാരിനും സംസ്ഥാനസർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ സംസ്ഥാന സർക്കാരിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ